# കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

അഡ്മിഷൻ ടിക്കറ്റുമായി പരീക്ഷയ്ക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികളെയല്ലാതെ അവരുടെ കൂടെ വരുന്ന ആരെയും തന്നെ പരീക്ഷാകേന്ദ്രത്തിന്റെ കോമ്പൗണ്ടിലേയ്ക്ക് പ്രവേശിപ്പിക്കുന്നതല്ല. ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയതിനും പതിനഞ്ച് മിനിട്ട് മുൻപ് മുതൽ മാത്രമേ പരീക്ഷാഹാളിലേയ്ക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. അഡ്മിഷൻ ടിക്കറ്റ്, അസ്സൽ തിരിച്ചറിയൽ രേഖ, പേന (നീല / കറുപ്പ് ബോൾ പോയിന്റ് ) ഇവ മാത്രമേ പരീക്ഷാഹാളിനുള്ളിലേയ്ക്ക് പ്രവേശിക്കുന്ന ഉദ്യോഗാർത്ഥിയുടെ കൈവശം ഉണ്ടാകാൻ പാടുള്ളൂ. ഉദ്യോഗാർത്ഥികൾ തങ്ങൾക്കനുവദിച്ചിട്ടുള്ള സീറ്റുകളിൽ മാത്രമേ ഇരിക്കുവാൻ പാടുള്ളൂ. ചുവടെ പറയുന്ന വസ്തുക്കൾ യാതൊരു കാരണവശാലും പരീക്ഷാഹാളിലേയ്ക്ക് പ്രവേശിപ്പിക്കുവാൻ അനുവദിക്കുന്നതല്ല.

1. **സ്റ്റേഷനറി**
   പാഠ്യ വസ്തുക്കൾ (അച്ചടിച്ചതോ, എഴുതപ്പെട്ടതോ), കടലാസ് തുണ്ടുകൾ, ജ്യാമിതീയ ഉപകരണങ്ങൾ, ബോക്സ്, പ്ലാസ്റ്റിക് കവർ, റബ്ബർ, എഴുത്ത് പാഡ്, ലോഗരിതം പട്ടിക, പേഴ്സ്, പൗച്ച്.
2. **ഇലക്ട്രോണിക് ഉപകരണങ്ങൾ**
   പെൻ ഡ്രൈവ്, കാൽക്കുലേറ്റർ, ഇലക്ട്രോണിക് പേന, സ്കാനർ, ഹെൽത്ത് ബാൻഡ്, ക്യാമറ പെൻ
3. **വിനിമയ ഉപകരണങ്ങൾ**
   മൊബൈൽ ഫോൺ, ബ്ലൂടൂത്ത്, ഇയർ ഫോൺ, മൈക്രോഫോൺ, പേജർ.
4. **വാച്ചുകൾ**
   റിസ്റ്റ് വാച്ച്, സ്മാർട്ട് വാച്ച്, ക്യാമറ വാച്ച്.
5. **ഭക്ഷണവസ്തുക്കൾ**
   പൊതിഞ്ഞതോ അല്ലാത്തതോ ആയ ഭക്ഷണവസ്തുക്കൾ, കുപ്പിവെള്ളം.

മേൽപ്പറഞ്ഞവ കൂടാതെ ക്യാമറ, ബ്ലൂടൂത്ത് തുടങ്ങിയവ പോലുള്ള വിനിമയ ഉപകരണങ്ങൾ ഒളിപ്പിക്കുവാൻ തരത്തിലുള്ള ലോഹ / പ്ലാസ്റ്റിക് വസ്തുക്കൾ പരീക്ഷാ ഹാളിൽ അനുവദിക്കുന്നതല്ല. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ അനുസരിക്കാത്ത ഉദ്യോഗാർത്ഥികൾ പി.എസ്.സിയുടെ തിരഞ്ഞെടുപ്പ് നടപടികളിൽ നിന്നും സ്ഥിരമായി വിലക്കേർപ്പെടുത്തുന്നതടക്കമുള്ള നടപടികൾക്ക് വിധേയരാകുന്നതായിരിക്കും.